കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) ഉണ്ട്. സുസ്ഥിര നെൽകൃഷി വികസന പദ്ധതിയുടെ ഒരു ഘടകമായി 10,000 ഹെക്ടർ നിലം തൊഴിലില്ലാത്ത യുവജനങ്ങൾക്ക് തൊഴിൽ നൽകിക്കൊണ്ട് നെൽകൃഷി പ്രദേശമാക്കി മാറ്റി കൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 500 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഒരു ഹെക്ടർ പ്രദേശത്ത് നെൽകൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 5000 രൂപവച്ച് പരമാവധി 10000 രൂപ വരെ സാമ്പത്തിക സഹായം നൽകുന്നതാണ്. ''ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി''യിലെ അംഗങ്ങൾക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്.

(ബി) തരിശുനിലങ്ങൾ കൃഷി ചെയ്യുന്ന യുവജനങ്ങൾക്ക് നൽകുന്ന എല്ലാ സഹായവും സർക്കാരിന്റെ അധീനതയിലുള്ള തരിശുനിലങ്ങൾ കൃഷി ചെയ്യാൻ തയ്യാറാക്കുന്ന തൊഴിൽരഹിതരായ യുവജനങ്ങൾക്ക് നൽകാവുന്നതാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷന് അരി നൽകിയ സഹകരണ സംഘങ്ങൾ

*13 [60] *ശ്രീ. എം. മുരളി:*
,, കെ. എ. ചന്ദ്രൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ച് അരിയാക്കി സഹകരണ സംഘങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സംഘങ്ങൾ;

(ബി) എന്ത് വിലയ്ക്കാണ് ആ സംഘങ്ങൾ അരി തന്നത്;

(സി) ഇപ്രകാരം അരി തന്ന സംഘങ്ങൾക്ക് അരിയുടെ വിലയല്ലാതെ മറ്റെന്തെങ്കിലും തുക നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) നെല്ല് സംഭരിച്ച് അരിയാക്കി സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടില്ല. 30-5-2005-ന് വിളിച്ചുചേർത്ത സംഭരണ ഏജൻസികളുടെ യോഗത്തിൽ ഇങ്ങനെയൊരു നിർദ്ദേശം മുന്നോട്ടുവച്ചെങ്കിലും ഏജൻസികൾ വിയോജിക്കുകയാണുണ്ടായത്. പകരമായി സഹകരണ സംഘങ്ങൾ നെല്ലാണ് നൽകുന്നത്.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly